ഏർപ്പാട്, ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട് ഇതിന്റെ ഭാഗമായിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഇന്ന് ജില്ലാതലത്തിൽ മാത്രം കേന്ദ്രീകരിച്ചു നിൽക്കുകയാണ്. അത് കീഴ്കോടതിയിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് ലീഗൽ എയിഡ് കൗൺസിലിനെ നിശ്ചയിക്കുകയും അങ്ങനെയൊന്ന് ഉണ്ട് എന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകുന്ന രീതിയിൽ നെയിം ബോർഡുകൾ അടക്കം നൽകിയിട്ട് കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും അവർക്കാവശ്യമായ റെമ്യൂണറേഷൻ നൽകുകയും അതിന്റെ പ്രവർത്തനം വിപുലമാക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : 1987-ലെ ലീഗൽ അതോറിറ്റി ആക്ട് 28-ാം വകുപ്പനുസരിച്ച് പുറപ്പെടുവിച്ച 46,47 എന്നീ റഗുലേഷനുകൾ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ലീഗൽ എയിഡ് സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, സാമ്പത്തിക ശേഷി ഇല്ലാത്തതായ നിരക്ഷരരായ സ്ത്രീകൾ, ന്യൂനപക്ഷ വിഭാഗങ്ങൾ മുതലായവരെ ബോധവൽക്കരിക്കുകയാണ് മുഖ്യ ലക്ഷ്യം. സൗജന്യ നിയമസഹായത്തിനുള്ള വരുമാന പരിധി ഇപ്പോൾ 12,000/- രൂപയാണ്. അത് 25,000/- രൂപയാക്കാനുള്ള നിർദ്ദേശം ഗൗരവമായ പരിഗണനയിലാണ്. വളരെ വേഗം ഇത് നടപ്പാക്കുന്നതിന് കേരളാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ താലൂക്ക് തലങ്ങളിൽ നിയമ ബോധവൽക്കരണ ക്യാമ്പുകളും ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. സാധാരണ ജനങ്ങൾക്ക് ആവശ്യമായ നിയമങ്ങളും ലഘുലേഖകളും തയ്യാറാക്കി സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തുവരുന്നു. നിയമസഹായ പദ്ധതിയുടെ വിശദാംശങ്ങൾ മാദ്ധ്യമങ്ങളിൽകൂടി വരുന്നുണ്ട്. സൗജന്യ നിയമോപദേശം ലഭ്യമാക്കാനും അഡ്വക്കേറ്റുമാരുടെ സന്നദ്ധ സേവനം പ്രയോജനപ്പെടുത്തുന്നു. കൂടാതെ സംസ്ഥാനതലത്തിൽ നിയമോപദേശം സൗജന്യമായി നൽകിവരുകയും ചെയ്യുന്നു.

(8) മണ്ണാർക്കാട് താലൂക്കിലെ കാരാക്കുറിശ്ശി പ്രദേശത്തുള്ള കുടുംബങ്ങൾക്ക് പട്ടയം

[11 am]

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കാരാക്കുറിശ്ശി വില്ലേജിൽ കൊട്ടത്താമരയിലെ നാൽപ്പതോളം കുടുംബങ്ങളുടെ സ്വന്തം ഭൂമി നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. എരുമേലിയിലെ സുലൈഖാ ബീവി സഹോദരനായ ഒ.എൽ. മരയ്ക്കാർക്ക് വാക്കാൽ കരാർ പ്രകാരം നൽകിയ 120 ഏക്കർ ഭൂമി ഒ.എൽ. മരയ്ക്കാറിൽനിന്ന് ആധാരവും പട്ടയവും നൽകാമെന്ന കരാറിൽ വാങ്ങി കൈവശം വച്ച് അനുഭവിച്ചുവരികയാണ് ഈ നൽപ്പത് കുടുംബങ്ങൾ. 1975-ൽ ഈ സ്ഥലത്ത് 20 ഏക്കർ മിച്ചഭൂമി ഉണ്ടെന്ന് വൈക്കം ലാന്റ് ബോർഡിന്റെ ഉത്തരവ് വന്നു. മഞ്ചേരി ഫോറസ്റ്റ് ട്രൈബ്യൂണൽ 50 ഏക്കർ ഭൂമി പ്രൈവറ്റ് ഫോറസ്റ്റായി വിധിച്ച് വിട്ടുകൊടുത്തു. 50 ഏക്കർ റബ്ബർ പ്ലാന്റേഷനാണ്, ബാക്കിയുള്ള 20 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാനാണ് വിധി ഉണ്ടായിരുന്നത്. ഇതുപ്രകാരം റീ-സർവ്വേ നടത്തിയതിൽ 106 ഏക്കർ ഭൂമി മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. 18.6.1999-ൽ വൈക്കം ലാന്റ് ബോർഡിന്റെ ഉത്തരവിൽ 50 ഏക്കർ പ്രൈവറ്റ് ഫോറസ്റ്റ് ആയിട്ട് വിട്ടുകിട്ടിയ ഭൂമിയും, മിച്ചഭൂമിയായി പ്രഖ്യാപിച്ച 20 ഏക്കർ ഭൂമിയും കൂടി 70 ഏക്കർ മിച്ചഭൂമിയായി അളന്നെടുക്കാ

LIBRARY ARCHIVES Kerala Legislative Assembly

നാണ് നിർദ്ദേശിച്ചിരിക്കുന്നത്. 10 സെന്റ് മുതൽ രണ്ടേക്കർ വരെ കൈവശം വച്ച് അനുഭവിക്കുന്ന ഇവരിൽ 6 പേർക്ക് പട്ടയമുണ്ട്. 1969 മുതൽ 30 വർഷമായി നികുതി അടച്ചുവരുന്ന കുടുംബങ്ങളാണ്. മറ്റെവിടെയും ഭൂമിയില്ലാത്ത ഈ കുടുംബങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആധാരവും പട്ടയവും നൽകാമെന്ന് പറഞ്ഞ് ഭൂമി നൽകിയ ഒ.എൽ. മരയ്ക്കാർക്ക് വേറെ ഭൂമി ഉണ്ടെങ്കിൽ അത് മിച്ചഭൂമിയായി ഏറ്റെടുക്കണമെന്നും, ഈ കുടുംബങ്ങളുടെ കൈവശമുള്ള ഭൂമി അവർക്കുതന്നെ നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇത് എനിക്ക് നേരിട്ട് അറിയാവുന്ന ഒരു വിഷയമാണ്. തൽക്കാലം അവരെ ആ സ്ഥലത്തു നിന്ന് ഒഴിപ്പിക്കാൻ പാടില്ല എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മിച്ചഭൂമി കൈവശം വച്ച് താമസിക്കുന്നവരെ രണ്ടുവർഷത്തേയ്ക്ക് ഒഴിപ്പിക്കാൻ പാടില്ല എന്ന് ഒരു നിയമം ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഇവർ 1969 മുതൽ കൈവശം വച്ചുവരുന്നവരാണ്. ഇത് വൈക്കം താലൂക്ക് ലാന്റ് ബോർഡിന്റെ ഉത്തരവനുസിച്ച് സുലേഖാ ബീവി എന്ന സ്ത്രീയുടെ പക്കൽ നിന്ന് ഏറ്റെടുക്കാൻ തീരുമാനിക്കപ്പെട്ട മിച്ചഭൂമിയാണ്. മിച്ചഭൂമിയായി ഗവൺമെന്റ് ഏറ്റെടുക്കുന്നതിനും, ലാന്റ് ബോർഡ് തീരുമാനിക്കുന്നതിനും മുമ്പ്തന്നെ കൈവശക്കാരാണ് ഇവിടെ താമസിക്കുന്നവർ. എന്നാലും മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ അതിനെതിരെ ഹൈക്കോടതിയിൽ ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിലെ കേസ്സിന്റെ തീരുമാനം എന്താണെന്ന് അറിയണം. പിന്നെ, ഭൂപരിഷ്ക്കരണനിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടേ ഇതിൽ നടപടി എടുക്കാൻ കഴിയുകയുള്ളൂ. മാനുഷിക പരിഗണന വച്ച്, ദീർഘകാലമായി ഉത്തമവിശ്വാസത്തിൽ വില കൊടുത്ത് റിക്കോർഡോടുകൂടി താമസിക്കുന്ന ആളുകൾ എന്നുള്ള നിലയിൽ അവരെ ഒഴിപ്പിക്കാൻ കഴിയാത്ത ഒരവസ്ഥയും നിലവിലുണ്ട്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് ഈ പ്രശ്നത്തിന് എങ്ങനെയാണ് പരിഹാരം കാണാൻ കഴിയുക എന്നുള്ളത് ഗവൺമെന്റ് ഗൗരവമായിട്ട് പരിശോധിക്കുന്നുണ്ട്. ആ അടിസ്ഥാനത്തിലാണ് പരിഹരിക്കാൻ ശ്രമിക്കുന്നത്.

(9) ചീമേനി വില്ലേജിൽ കൈവശക്കൃഷിക്കാർക്ക് പട്ടയം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ ചീമേനി വില്ലേജിൽ കൈവശക്കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ കൃഷിക്കാരിൽ ഭൂരിപക്ഷവും ഭൂപരിഷ്കരണ നിയമം വരുന്നതിന് വർഷങ്ങൾക്കു മുമ്പുതന്നെ താഴേക്കാട്ട് മന വക സ്ഥലത്ത് താമസിച്ചുവരുന്നവരാണ്. അന്ന് റവന്യൂ വകുപ്പ് അധികൃതർ വരുത്തിയ കുറ്റകരമായ അനാസ്ഥ കാരണമാണ് ഇവരുടെ ഭൂമിക്ക് പട്ടയം ലഭിക്കാതെവന്നത്. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് അറിയാവുന്നതാണ്. ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെട്ട് ഭൂമിക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, തോമസ് കോട്ടുകാപള്ളിയിൽ നിന്ന് 1976-ൽ ലാന്റ് ബോർഡ് തീരുമാനപ്രകാരം ഏറ്റെടുത്ത പ്രദേശമാണ് ഇത്. ആ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly